**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **08-10-2021 - ൽ മറുപടിയ്ക്ക്**

**ബോട്ടുകളിലെ ജീവനക്കാർക്കുള്ള രാത്രികാല സ്റ്റേ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ ബോട്ടുകളിലെ ജീവനക്കാർക്ക് രാത്രികാലങ്ങളിൽ സ്റ്റേ കിടക്കുന്ന ബോട്ടുകളിൽ കഴിയുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലങ്ങളിൽ നിന്നും അതിരാവിലെ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടിയാണ് ബോട്ടുകൾ രാത്രിയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ രാത്രികാല സ്റ്റേ കിടക്കേണ്ടി വരുന്നത്. മേല്പടി സ്ഥലങ്ങളിൽ മറ്റു സർക്കാർ സ്ഥാപനങ്ങളോ, വകുപ്പ് വക കെട്ടിടങ്ങളോ ഉണ്ടെങ്കിൽ ജീവനക്കാർ ആയത് പ്രയോജനപ്പെടുത്തുകയും, അല്ലാത്തപക്ഷം ബോട്ടുകളിൽ തന്നെ വിശ്രമിക്കുന്നതിനുള്ള ക്രമീകരണങ്ങളും ആണ് കാലാകാലങ്ങളായി ചെയ്തുവരുന്നത്. |
| (ബി) | സ്റ്റേ കിടക്കുന്ന ബോട്ടുകളിലെ ജീവനക്കാർ പ്രാഥമിക ആവശ്യങ്ങൾക്കായി ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ബി) | സ്റ്റേ കിടക്കുന്ന ബോട്ടുകളിലെ ജീവനക്കാർ പ്രാഥമിക ആവശ്യങ്ങൾക്കായി സ്റ്റേ ബോട്ട് ജെട്ടികളിൽ ഉള്ള വകുപ്പ് വക ഓഫീസുകളോ, പരിസരങ്ങളിൽ തന്നെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിമുറികളോ, അല്ലായെങ്കിൽ വകുപ്പ് വക ബോട്ടുകളിലോ കാലാകാലങ്ങളിലായി പ്രയോജനപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ